# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-BP 79/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 31/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2.അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3.കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-BP 79/2023 തീയ്യതി: 31/03/2023

## ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-05-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ,ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 21-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 21-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശ്രീദേവി പി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ജാക്വലിൻ പി ഡബ്ളിയൂ സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖ പി കെ ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീബ രാകേഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഷിനോദ്.പി.ആർ | സെക്രട്ടറി | 01-04-2021 | 07-05-2021 |

| | | | |
|---|---|---|---|
| ശ്രീ.വി.ജെ.ജോസഫ് | സെക്രട്ടറി | 08-05-2021 | 03-08-2021 |
| ശ്രീമതി മഞ്ജു എം | സെക്രട്ടറി | 03-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സബിത.വി.എച്ച് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ദീപ എം | വ്യവസായ വികസന ഓഫീസർ | 01-04-2021 | 07-09-2021 |
| ദിലീപ് കുമാർ ഡി | വ്യവസായ വികസന ഓഫീസർ | 07-09-2021 | 26-10-2021 |
| അനിൽകുമാർ സി ജി | വ്യവസായ വികസന ഓഫീസർ | 27-10-2021 | 31-03-2022 |
| സഞ്ജു.പി.നായർ | അസി.എക്സി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| നിധിൻ.കെ.എം | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| മിനി.ആർ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| രേഖ.കെ | ശിശു വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.കാരൾ പിൻഹെയ്റോ | അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ | 01-04-2021 | 30-06-2021 |
| ഡോ.ജിൻസി | അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ | 01-07-2021 | 31-03-2022 |
| ശ്രീ സിബി സോമൻ | അസി.ഡയറ്കടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| എച്ച് ഷബീന | അസി.ഡയറക്ടർ ഓഫ് അഗ്രീക്കൾച്ചർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 9 | സാംഖ്യ അക്കൌണ്ടിംഗ് നടപ്പിലാക്കുന്നില്ല | 1-8 |
| 10 | ക്വട്ടേഷൻ ക്ഷണിക്കാതെ പ്രിന്റിംഗ് ജോലികൾ നിർവഹിച്ചു | 1-9 |
| 11 | പത്ര പരസ്യങ്ങൾക്ക് ഡിസ്കൌണ്ട് ലഭിച്ചിട്ടില്ല | 1-10 |
| 12 | ജി.എസ്.ടി ബില്ലുകൾ ലഭ്യമാക്കാതെ തുക നൽകി | 1-11 |
| 13 | മെറിറ്റോറിയസ് സ്കോളർഷിപ്പ് ആവശ്യമായ സർട്ടിഫിക്കറ്റില്ലാതെ തുക നൽകി | 1-12 |
| 14 | യു.എച്ച്.ടി.സിയിലേക്ക് പ്രിന്റർ, കംപ്യൂട്ടർ എന്നിവ ലഭ്യമായിട്ടില്ല | 1-13 |
| 15 | പഞ്ചായത്തുമായി കരാറിലേർപ്പെടാത്ത വ്യക്തിയുടെ അക്കൌണ്ടിലേക്ക് തുക നൽകുന്നു | 1-14 |
| 16 | ടെൻഡർ നടപടികളില്ലാതെ ലോക്കൽ പർച്ചേസ് നടത്തി | 1-15 |
| 17 | എസ്.സി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-16 |
| 18 | ശാസ്ത്രീയ നാടൻ കലാരൂപങ്ങളുടെ പരിശീലനം-തുക തടസ്സപ്പെടുത്തുന്നു | 1-17 |
| 19 | ക്ളീൻ കേരള കമ്പനിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ -രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 1-18 |
| 20 | ബ്ലോക്ക് പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകൽ- രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 1-19 |
| 21 | ആർ.ഒ.പ്ളാന്റ് നിർമ്മിക്കുന്നതിന് കേരള വാട്ടർ അതോറിട്ടിയിൽ തുക നിക്ഷേപിച്ചുവെങ്കിലും പ്രവൃത്തി നടപ്പിലാക്കിയില്ല | 1-20 |
| 22 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു | 1-21 |
| 23 | സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു | 1-22 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പത്ര പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. നഷ്ടം-1320/- രൂപ | 3-1 |
| 2 | സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

23.02.2021 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 488373600 | 488560000 |
| വാർഷിക കണക്ക് പ്രകാരം | 54705035 | 52847002 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2022 | 23.5.2022 |

## 1-2-1 വാർഷികകണക്കിലെ അപാകതകൾ

1. ബ്ലോക്ക് പഞ്ചായത്തിൽ സംയുക്തപ്രൊജക്ടുകൾക്കുള്ള വിഹിതമിനത്തിൽ 1050000/- രൂപ വരവുണ്ട്. ആകെ ചെലവും 1050000/- രൂപയാണ്. അതിൻപ്രകാരം ഈയിനത്തിൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ നീക്കിയിരുപ്പുണ്ടാകുവാൻ പാടില്ല. എന്നാൽ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ ഗ്രാമപഞ്ചായത്ത് വിഹിതം 2273664/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 584210/- രൂപയും നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ വർഷത്തെ ബാലൻസ് ഷീറ്റിൽ ഗ്രാമ, ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചതിൽ ചെലവഴിക്കപ്പെടാതെ ഈതുക നിലനിൽക്കുന്നുണ്ട്. ഇതിൽ നിന്നും ശരിയായ രീതിയിലല്ല ഈയിനത്തിലെ വരവ് അക്കൗണ്ട് ചെയ്യുന്നതെന്ന് വ്യക്തമാണ്.

2. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിലെ എ.സി.ആർ പ്രകാരമുള്ള ആകെ വരവ് (6808279), ചെലവ് (6179575) നീക്കിയിരുപ്പ് (628704) വാർഷിക കണക്ക് പ്രകാരമുള്ള വരവ് (6575000) ചെലവ് (5557907) നീക്കിയിരുപ്പ് (395425) എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ഇനത്തിലെ എ.സി.ആർ പ്രകാരമുള്ള ആകെ വരവ് (4549755), ചെലവ് (4434837) നീക്കിയിരുപ്പ് (114918) വാർഷിക കണക്ക് പ്രകാരമുള്ള വരവ് (4464109) ചെലവ് (4383000) നീക്കിയിരുപ്പ് (81109) എന്നിവ പൊരുത്തപ്പെടുന്നില്ല.

4. മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഇനത്തിലെ എ.സി.ആർ പ്രകാരമുള്ള ആകെ വരവ് (6639315), ചെലവ് (6280038) വാർഷിക കണക്ക് പ്രകാരമുള്ള Rp (7) (6280038) I(6) (6115426) ഉം ആയി പൊരുത്തപ്പെടുന്നില്ല.

5. ഡെപ്പോസിറ്റ് നീക്കിയിരിപ്പ് സംബന്ധിച്ച (ബി7 ഷെഡ്യൂളിലെ) വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകളോ രജിസ്റ്ററോ(ഡെപ്പോസിറ്റ് രജിസ്റ്റർ) ഹാജരാക്കിയില്ല.

6. ബി9 ഷെഡ്യൂളിൽ വാല്യൂ ആഡഡ് ടാക്സ് (VAT)ഇനത്തിൽ ബാധ്യതയായി ഒരേ തുക(6735/-) വർഷങ്ങളായി തുടരുന്നു. ജി.എസ്.ടി-യുടെ വരവോടെ അപ്രസക്തമായിട്ടുള്ളതിനാൽ ടി ബാധ്യത ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കേണ്ടതാണ്.

7. ആസ്തി സംബന്ധിച്ച (ബി11 ഷെഡ്യൂളിലെ) വിവരങ്ങൾ പരിശോധിക്കാൻ ആവശ്യമായ മൂല്യം ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ/രേഖകൾ ഹാജരാക്കിയില്ല.

8. ബി18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ് കണക്കുകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കിയില്ല.

വാർഷികകണക്കിലെ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21022179 |
| വരവ് | 58584222 |
| ആകെ | 79606401 |
| ചെലവ് | 60375549 |

| | |
|---|---|
| നീക്കിയിരിപ്പ് | 19230852 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 23540000 | 23540000 | 23519726 | 20274 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4946000 | 4946000 | 4946000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 106000 | 106000 | 106000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 6639315 | 6639315 | 6280038 | 359277 |
| ധന.കമ്മീഷൻ ഗ്രാന്റ് | | 11358034 | 11358034 | 10614412 | 743622 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 68 | 44630555 | 61 | 36655290 | 0 | 7 | 89.70 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-01-23 തീയ്യതിയിൽ 2-30 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 57500/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വൗച്ചറുകൾക്ക് നമ്പർ നൽകി സൂക്ഷിക്കുന്നില്ല.

2. വാടക രജിസ്റ്ററിൽ വാടകയുടെ ഡി.സി.ബി.തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻവർഷം ഘടകസ്ഥാപനങ്ങൾക്ക് നൽകുന്നതിനായി വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിതരണവിവരങ്ങളൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ, ഓരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

7. സ്ഥാപനത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ യഥാസമയങ്ങളിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തി ആയതു സംബന്ധിച്ച റിപ്പോർട്ടുകൾ ഹാജരാക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-8 സാംഖ്യ അക്കൌണ്ടിംഗ് നടപ്പിലാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ ലഭിക്കുന്ന വരവുകൾക്ക് 2021-22 സാമ്പത്തികവർഷത്തിൽ സാംഖ്യ രസീത് നൽകാതെ മാന്വൽ രസീത് മാത്രം നൽകുന്നു. സാംഖ്യ രസീതുകൾ സ്റ്റോക്കിലുണ്ടെങ്കിലും സാംഖ്യ രസീത് നൽകാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(14/21.1.2023) നൽകിയിന് ഇ-ഓഫീസ് സംവിധാനം ആരംഭിച്ചതിന് ശേഷം കാഷ്യർ ലോഗിൻ ഉള്ള കമ്പ്യൂട്ടറിൽ സാംഖ്യ ഓപ്പൺ ചെയ്യാൻ സാധിക്കുന്നില്ല എന്നും കാഷ്യർ ലോഗിൻ മറ്റൊരു കമ്പ്യൂട്ടറിലേക്ക് സജ്ജമാക്കിതരുന്നതിനായി ഐടി പ്രതിനിധിയെ അറിയിച്ചിട്ടുണ്ടെന്നും താമസിയാതെ ഈ സംവിധാനം ഏർപ്പെടുത്തി തരാമെന്ന് ഐ.ടി പ്രതിനിധി അറിയിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. നിലവിലുള്ള സാംഖ്യ അക്കൗണ്ടിംഗ് ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്.

## 1-9 ക്വട്ടേഷൻ ക്ഷണിക്കാതെ പ്രിന്റിംഗ് ജോലികൾ നിർവഹിച്ചു

2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ(പി) നം. 3/2013 SPD/ തീയതി 21.06.2013 വ്യവസ്ഥകൾ പ്രകാരം 15000/- രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2021-22 വർഷം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ അച്ചടി ജോലികൾക്കായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ചെക്ക് നം JN 4692514/22.3.2022 – 26764/- പ്രകാരം തുക ചെലവഴിച്ചിരിക്കുന്നതിൽ സ്മാർട്ട് ലൈൻ ഓഫ്സെറ്റ് പ്രസ്സിന് പൌരാവകാശരേഖ, ഗ്രാമസഭാനിർദ്ദേശങ്ങൾ എന്നിവ പ്രിന്റ് ചെയ്തതിന് 15300/- രൂപ നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (7/21.1.2023)നൽകിയതിന് അടുത്തടുത്ത മാസങ്ങളിലാണ് ഇവ രണ്ടും പ്രിന്റ് ചെയ്തിരിക്കുന്നത് എന്നാണ് മറുപടി നല്കിയിരിക്കുന്നത്. സ്ഥാപനത്തിന്റെ ഇൻവോയിസുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും രണ്ടും അച്ചടി ജോലികളായതിനാലും മറുപടി അംഗീകരിക്കുന്നില്ല. ഓരോ വർഷവും ബ്ലോക്ക്പഞ്ചായത്ത് പദ്ധതി ആസൂത്രണ ചെലവുകളുടെ ഭാഗമായി പ്രിന്റിംഗ് വർക്കുകൾ ധാരാളം നടത്തിവരുന്നുണ്ട്. ഇപ്രകാരം വരുന്ന ചെലവുകൾ സ്ഥാപനത്തിന്റെ സാമ്പത്തികലാഭം മുൻനിർത്തിയും പ്രൊക്യൂർമെന്റ് മാന്വലിലെ നിബന്ധനകൾ പാലിച്ചും നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 പത്ര പരസ്യങ്ങൾക്ക് ഡിസ്കൌണ്ട് ലഭിച്ചിട്ടില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ.(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ മാതൃഭൂമി ദിന പത്രത്തിൽ ടെൻഡർ പരസ്യങ്ങൾ നല്കിയതിന് 15% ഡിസ്കൌണ്ട് ലഭ്യമായിട്ടില്ല. വിശദാംശം താഴെകൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം /തീയതി/തുക | പരസ്യ നം/ തീയതി | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | JM 5706992/ 5.10.2021- 30993/- | 321000037771 /20.8.2021 | $32m^2$@275=8800<br>നികുതി-440<br>ആകെ-9240/- | 8800*15% =1320/- |

ഡിസ്കൌണ്ട് ആവശ്യപ്പെടാതെ സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരമുള്ള തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/21.1.2023)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയിരിക്കുന്ന 1320/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-11 ജി.എസ്.ടി ബില്ലുകൾ ലഭ്യമാക്കാതെ തുക നൽകി

പ്രോജക്ടിന്റെ പേര്- S0026/22, യുഎച്ച്.ടി.സിയിലെ ദൈനംദിന ചെലവുകൾ

അടങ്കൽ -150000/-(റോഡിതരം)

ചെലവ്-149878/-

1)ബിൽ നം 12/21-22 തീയതി 21.10.2021-11800/-

2)ബിൽ നം 14/21-22 തീയതി 15.11.2021-19948/-

മെഡിക്കൽ ഓഫീസർ യു.എച്ച്.ടി.സി നടപ്പിലാക്കിയ മേൽ പ്രോജക്റ്റിലുൾപ്പെടുത്തി ജി.എസ്.ടി ബില്ലുകൾ പ്രകാരമല്ലാതെ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

(I) ബിൽ ക്രമനം (1) പ്രകാരം ഇലക്ട്രിക്കൽ മെയിന്റനൻസ് വർക്കുകൾക്കായി 11800/- രൂപ അനീഷ് .എ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഇതിൽ 4250/-രൂപ കൂലിയിനത്തിലും 7550/- രൂപ ST ഇലക്ട്രിക്കൽസ് വണ്ടാനം എന്ന

സ്ഥാപനത്തിൽ നിന്ന് ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകളുമാണ്. സ്ഥാപനത്തിൽ നിന്നുള്ള ജി.എസ്.ടി ബിൽ ഹാജരാക്കാതെ 01/30.9.2021 പ്രകാരമുള്ള ഇൻവോയിസ് പ്രകാരമാണ് തുക നൽകിയത്.

ii)ബിൽ ക്രമ നം (2) പ്രകാരം 19948/-രൂപ ചെലവഴിച്ചിരിക്കുന്നതിൽ RR സൺസ്, മുല്ലക്കൽ, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും മെഡിസിൻ കവർ വാങ്ങുന്നതിനായി ടി സ്ഥാപനത്തിന്റെ ഇൻവോയിസ് നം. 395/23.9.2021 പ്രകാരം 8100/- രൂപ നൽകി. ഇപ്രകാരം സ്ഥാപനങ്ങളുടെ ജി.എസ്.ടി ബിൽ പ്രകാരമല്ലാതെ തുക ചെലവഴിച്ചിരിക്കുന്നത് ക്രമവിരുദ്ധമാണ്. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(6/21.3.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേലിൽ ജി.എസ്.ടി ബില്ലുകൾ പ്രകാരം മാത്രം തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 മെറിറ്റോറിയസ് സ്കോളർഷിപ്പ് ആവശ്യമായ സർട്ടിഫിക്കറ്റില്ലാതെ തുക നൽകി

പ്രോജക്റ്റ് നം. S0011/22, പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള (വനിത) മെറിറ്റോറിയസ് സ്കോളർഷിപ്പ്

അടങ്കൽ-595000/-(എസ്.സി.പി)

ചെലവ്-595000/-

പട്ടികജാതി വികസനഓഫീസർ നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അതാത് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന തെളിയിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം/തീയതി/തുക | പേര്/വിലാസം | നൽകിയ തുക |
|---|---|---|---|
| 1 | 04/21-22 /16.9.2021-125000/- | അഹല്യ.ടി.മധു, മംഗലം, കക്കാഴം, അമ്പലപ്പുഴ | 20000/- |
| 2 | 15/21-22 /15.11.2021-190000/- | അഖില സന്തോഷ് അമ്പലപ്പുഴ | 20000/- |
| 3 | 15/21-22 /15.11.2021-190000/- | സാന്ദ്ര കെ.എസ്, പുതുവൽ, കോമന, അമ്പലപ്പുഴ | 20000/- |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(8/21.1.2023) നല്കിയതിനു മറുപടിയായി ടി സർട്ടിഫിക്കറ്റുകൾ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതുവരെ മേൽ ചെലവായ 60000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-13 യു.എച്ച്.ടി.സിയിലേക്ക് പ്രിന്റർ, കംപ്യൂട്ടർ എന്നിവ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ യു.എച്ച്.ടി.സി നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി കംപ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

1)S0048/22-കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മെഡിക്കൽ ഉപകരണങ്ങൾ സാമഗ്രികൾ വാങ്ങലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും

അടങ്കൽ -1500000/-(റോഡിതരം)

ചെലവ്-1477077/-

ബിൽ നം 37/21-22 തീയതി 19.3.2022-60008/-

കെൽട്രോണിൽ നിന്നുള്ള പ്രഫോർമ ഇൻവോയിസ് നം TVM/ITBG/PI/RC/35769/20-21dt 26.2.2022 പ്രകാരം 2 കംപ്യൂട്ടറുകൾ വാങ്ങുന്നതിനായി മേൽ ബില്ല് ക്രമ നം(1)പ്രകാരം 60008/- രൂപ ഐ.ടി മിഷന് നൽകിയിട്ടുണ്ട്. കംപ്യൂട്ടറുകൾ ലഭിച്ച ബിൽ,സ്റ്റോക്കിലുൾപ്പെടുത്തിയതിന്റെ വിവരം എന്നിവ ഹാജരാക്കിയില്ല.

2) S0092/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ആംബുലൻസിന് ഇന്ധനം, പ്രതിരോധ പ്രവർത്തനങ്ങൾക്ക് സാധന സാമഗ്രികൾ

അടങ്കൽ -400000/-(റോഡിതരം)

ചെലവ്-353703/-

ബിൽ നം. 34/21-22 തീയതി 19.3.2022-119610/-

കെൽട്രോണിൽ നിന്നുള്ള പ്രഫോർമ ഇൻവോയിസ് നം. TVM/ITBG/PI/RC/35765/20-21dt 26.2.2022 പ്രകാരം 2 പ്രിന്ററുകൾ വാങ്ങുന്നതിനായി മേൽ ബില്ല് പ്രകാരം 119610/- രൂപ ഐ.ടി മിഷന് നൽകിയിട്ടുണ്ട്. പ്രിന്ററുകൾ ലഭിച്ച ബിൽ, സ്റ്റോക്കിലുൾപ്പെടുത്തിയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(6/21.3.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കംമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവ ലഭ്യമായതിന്റെ ബിൽ, സ്റ്റോക്കിലുൾപ്പെടുത്തിയതിന്റെ വിശദാംശം എന്നിവ പരിശോധനയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ മേൽ ചെലവ് തുക 179618/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 പഞ്ചായത്തുമായി കരാറിലേർപ്പെടാത്ത വ്യക്തിയുടെ അക്കൌണ്ടിലേക്ക് തുക നൽകുന്നു

പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വനിതാ ക്യാന്റീൻ 2021-22 സാമ്പത്തിക വർഷത്തിൽ പ്രതിമാസം 5000/- രൂപ പ്രകാരം വാടകയ്ക്ക് എടുത്തിരിക്കുന്നത് നവധാര കുടുബശ്രീ യൂണിറ്റാണ്. എന്നാൽ തനതു ഫണ്ട് വൌച്ചറുകൾ പരിശോധിച്ചതിൽ 2021-22 സാമ്പത്തികവർഷത്തിലെ റിഫ്രഷ്മെന്റ് ചാർജിനത്തിൽ വനിതാ കാന്റീനിന്റെ ബില്ലുകൾ പ്രകാരമുള്ള തുകകൾ നല്കിയിരിക്കുന്നത് ബിജു.ആർ എന്ന വ്യക്തിയുടെ അക്കൌണ്ടിലേക്കാണ്.(a/c No-15670100019788FDRL0001567) ബ്ളോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെടാത്ത വ്യക്തിയുടെ അക്കൌണ്ടിലേക്ക് തുക നൽകുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.13/21.1.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അക്കൌണ്ടിംഗ് റൂൾസിനെതിരായ ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-15 ടെൻഡർ നടപടികളില്ലാതെ ലോക്കൽ പർച്ചേസ് നടത്തി

മെഡിക്കൽ ഓഫീസർ യു.എച്ച്.ടി.സി നിർവഹണം നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1)S0048/22-കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മെഡിക്കൽ ഉപകരണങ്ങൾ സാമഗ്രികൾ വാങ്ങലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും

അടങ്കൽ -1500000/-(റോഡിതരം)

ചെലവ്-1477077/-
1)ബിൽ നം. 08/21-22 തീയതി 08.10.2021-587600/-
ബിൽ പ്രകാരം പിക്സൺ ലൈഫ്, കൊറ്റംകുളങ്ങര, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും 5,87,600/-രൂപയ്ക്ക് കോവിഡ് ആന്റിജൻ കാർഡ് വാങ്ങിയിട്ടുണ്ട് പ്രസ്തുത വാങ്ങലിന് ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(6/21.1.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടെൻഡർ നടപടികളില്ലാതെ ഉയർന്ന തുകയ്ക്ക് ലോക്കൽ പർച്ചേസ് നടത്തുന്നത് ധനദുർവിനിയോഗമാണ്. ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-16 എസ്.സി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

1)പ്രൊജക്ടിന്റെ പേര്: പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (S0018/22)

അടങ്കൽ: 925,000(എസ്.സി.പി)

ചെലവ്- 675715/-

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്റ്റ് പരിശോധിച്ചതിൽ മഞ്ജുഷ നാല്പതിൽചിറ, ബിജുമോൻ വേലൻപറമ്പ് എന്നീ വ്യക്തികൾക്ക് താഴെ കൊടുത്തിരിക്കുന്ന ബില്ലുകളിൽ ഉൾപ്പെടുത്തി ആകെ 125000/-രൂപ വീതം മാത്രം നല്കിയതായാണ് കാണുന്നത്.

ചെലവ് വിവരം

ബിൽ നം. 21/21-22/15.12.2021-100000/-

ബിൽ നം. 20/21-22/04.12.2021-150000/-

ബിൽ നം. 29/21-22/27.1.2022-75000/-
ബിൽ നം. 25/21-22/25.1.2022-75000/-

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(8/21.1.2023) നൽകിയതിന് മറുപടിയായി മേൽ സൂചിപ്പിച്ച വ്യക്തികളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാലാണ് തുക പൂർണ്ണമായും നൽകാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. വാല്യുവേഷൻ

സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശരിയായ പരിശോധന നടത്തി മാത്രം ബാക്കി തുക നൽകേണ്ടതാണ്.

## 1-17 ശാസ്ത്രീയ നാടൻ കലാരൂപങ്ങളുടെ പരിശീലനം-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | ശാസ്ത്രീയ നാടൻ കലാരൂപങ്ങളുടെ പരിശീലനം(നം.58/22) |
| അടങ്കൽ | 40000(തനതുഫണ്ട്) |
| ചെലവ് | 40000(ചെക്ക് നമ്പർ -- XY5516876/1.07.21) |

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ക്ലസ്റ്ററിൽ ശാസ്ത്രീയനാടൻ കലാരൂപങ്ങളുടെ പരിശീലനം നടത്തിയ കലാകാരൻമാർക്കുള്ള ഫെലോഷിപ്പ് ഇനത്തിൽ സാജു.ആർ.കൃഷ്ണൻ, അഭിലാഷ്.എച്ച്, പാർവതി ദാസ്.എസ്, രഞ്ജിത്ത് രാജ്.ആർ. എന്നിവരുടെ അക്കൗണ്ടുകളിലേയ്ക്ക് 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഫെലോഷിപ്പ് തുകയായി 10000 രൂപ വീതം നൽകിയിട്ടുണ്ട്. ടി. ഫയൽ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ക്ലസ്റ്ററിൽ ശാസ്ത്രീയനാടൻ കലാരൂപങ്ങളുടെ പരിശീലനം നടത്തുന്നത് ടി കലാകാരൻമാർ തന്നെയാണ് എന്നു തെളിയിക്കുന്ന രേഖകളൊന്നും തന്നെ ഹാജരാക്കിയില്ല.

പ്രസ്തുത കലാകാരൻമാർ പരിശീലനം നൽകിയ കലാരൂപങ്ങളുടെ ഇനങ്ങൾ, ഇവർ സേവനം അനുഷ്ഠിച്ച തീയതി, പരിശീലനം നടത്തിയ കേന്ദ്രങ്ങൾ, പഠിതാക്കളെ സംബന്ധിച്ച വിവരങ്ങൾ മുതലായ വിശദാംശങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും കലാകാരന്റെ പേരു രേഖപ്പെടുത്തിയിട്ടില്ലാത്തതും ഏതു വ്യക്തിക്കു വേണമെങ്കിലും ഹാജരാക്കാൻ സാധിക്കുന്ന തരത്തിലുള്ള പൊതുവായ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ക്ലസ്റ്ററിൽ ശാസ്ത്രീയനാടൻ കലാരൂപങ്ങളുടെ പരിശീലനം നടത്തുന്നത് ടി കലാകാരൻമാർ തന്നെയാണ് എന്നു തെളിയിക്കുന്ന രേഖകൾ, പ്രസ്തുത കലാകാരൻമാർ പരിശീലനം നൽകിയ കലാരൂപങ്ങളുടെ ഇനങ്ങൾ, പരിശീലനം നടത്തിയ കേന്ദ്രങ്ങൾ, ഇവർ സേവനം അനുഷ്ഠിച്ച തീയതികൾ, ഓൺലൈൻ പരിശീലനമാണ് നടത്തിയതെങ്കിൽ ആയതു സംബന്ധിച്ച വിവരങ്ങൾ മുതലായ വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-3/18.1.23) മറുപടി ഹാജരാക്കിയില്ല. കലാകാരന്മാരുടെ കൈപ്പറ്റ് രസീതുകളും ലഭ്യമാക്കിയില്ല. പ്രസ്തുത ചെലവിന് ഉപോത്ബലകമായ വിശദാംശങ്ങൾ ഒന്നും തന്നെ ഫയലിനൊപ്പം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ ടി പ്രോജക്ടു പ്രകാരം നടത്തിയ 40000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ക്ളീൻ കേരള കമ്പനിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ -രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ RRF പ്രവർത്തനപരിപാലനം-ക്ളീൻ കേരള കമ്പനിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ (പ്രോജക്ട്. നം. S0078/22) |
| അടങ്കൽ | 250000(തനതുഫണ്ട്) |
| ചെലവ് | 206000(തനതുഫണ്ട്) |
| ചെക്ക് നം/തീയതി. | JN -4692517/25.03.22 |
| നിർവ്വഹണം | സെക്രട്ടറി |

2021-22 സാമ്പത്തിക വർഷം ക്ളീൻ കേരള കമ്പനി ലിമിറ്റഡിന്റെ, 33622776812 നം. എസ്.ബി.ഐ. അക്കൗണ്ടിലേയ്ക്ക് ചെക്ക് നമ്പർ JN -4692517/25.03.22 പ്രകാരം 206000/-രൂപ നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം, തുക വിനിയോഗിച്ച് ക്ളീൻ കേരള മിഷൻ ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/21.01.23) മറുപടി ലഭ്യമാക്കിയില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ ടി പദ്ധതിക്കായി നടത്തിയ 206000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 ബ്ലോക്ക് പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകൽ- രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, |

| | |
|---|---|
| | അലമാര അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകൽ.(നം.S0012/22) |
| അടങ്കൽ | 226056 (മെയിന്റനൻസ് ഫണ്ട് ( റോഡിതരം)) |
| ചെലവ് | 164612 /- |
| ബിൽ നം/തീയതി. | 1)32/21-22/28.02.22- 99612/-<br>2)38/21-22/25.03.22 –65000/- |

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, അലമാര അനുബന്ധ ഉപകരണങ്ങൾ എന്നിവ നൽകുന്നതിനായി മെയിന്റനൻസ് ഫണ്ട്(റോഡിതരം) ൽ നിന്നും 164612 രൂപ പിൻവലിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം 32/21-22/28.02.22 പ്രകാരം പിൻവലിച്ച 99612 രൂപ കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന്റെ 79901140000 3959 നമ്പർ അക്കൗണ്ടിലേയ്ക്കും, ബിൽ നം. 38/21-22/25.03.22 പ്രകാരം പിൻവലിച്ച 65000 രൂപ RJ എന്റർ പ്രൈസസ് ന്റെ 50200011742239 നമ്പർ അക്കൗണ്ടിലേയ്ക്കും നൽകിയതായി കാണുന്നു. എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നുള്ള പ്രഫോർമ ഇൻവോയിസ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പ്രഫോർമ ഇൻവോയിസ് പ്രകാരം മൾട്ടിഫങ്ഷൻ പ്രിന്റർ - 1, (20018/-), ഡസ്ക് ടോപ്പ് - 2 (79594), ഫോട്ടോ സ്റ്റാറ്റ് മെഷീൻ -1(65000/-) എന്നിങ്ങനെയാണ് വാങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നത്. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും അവ വിതരണം നടത്തിയതിന്റേയും രേഖകൾ ഹാജരാക്കിയിട്ടില്ല. ഉപകരണങ്ങൾ വാങ്ങിയതിന്റെ യഥാർത്ഥ ബില്ലുകൾ, സ്റ്റോക്ക് വിതരണരേഖകൾ എന്നിവ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/17.01.23)മറുപടി ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതുവരെ പ്രസ്തുത പ്രോജക്റ്റിനായി നടത്തിയ 164612 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ആർ.ഒ.പ്ലാന്റ് നിർമ്മിക്കുന്നതിന് കേരള വാട്ടർ അതോറിട്ടിയിൽ തുക നിക്ഷേപിച്ചുവെങ്കിലും പ്രവൃത്തി നടപ്പിലാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് /നം. | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകളിൽ<br>3 ആർ.ഒ.പ്ലാന്റുകൾ സ്ഥാപിക്കൽ.(നം.S0050/22) |
| അടങ്കൽ | 3944880(cfc-Tied) |
| ചെലവ് | 3870000( -വൗച്ചർ നം. XVFC/ 2021-22/P/14/23.03.22) |
| നിർവ്വഹണം | സെക്രട്ടറി. |

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ 3 ആർ.ഒ.പ്ലാന്റുകളും സോളാർ പവർ പ്ലാന്റുകളും സ്ഥാപിക്കുന്നതിനായി വികസനഫണ്ട്(സി.എഫ്.സി) യിൽ നിന്നും 3870000 രൂപ പിൻവലിച്ച് എക്സി. എൻജിനീയർ, കേരള വാട്ടർ അതോറിട്ടി, പി.എച്ച്.ഡിവിഷൻ ആലപ്പുഴയുടെ 10449288175 നം. എസ്.ബി.ഐ അക്കൗണ്ടിലേയ്ക്ക് പി.എഫ്.എം.എസ് മുഖേന നിക്ഷേപിച്ചിട്ടുണ്ട്. 30.09.22 ൽ ടി പ്രവൃത്തി പൂർത്തിയാക്കുമെന്നാണ് കേരള വാട്ടർ അതോറിട്ടി കരാർ ചെയ്തിരുന്നത്. എന്നാൽ ആർ.ഒ. പ്ലാന്റുകൾ, സോളാർ പവർ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ച രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. ഇവ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/17.1.23 ന് ലഭ്യമാക്കിയ മറുപടിയിൽ ടി പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയാക്കി ആയതിന്റെ രേഖകൾ, പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ടി പ്രവൃത്തിക്കായി നടത്തിയിട്ടുള്ള 3870000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഉദാ. അമ്പലപ്പുഴ കണ്ടത്തിൽ പറമ്പിൽ വലിയപുരയ്ക്കൽ റോഡ് (ബാരൽ വില – 3651/- ബിൽ ഡിറ്റെയിൽസ് - 2106016301580130 3228/11.03.22)

2.അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് രക്തസാക്ഷി മണ്ഡപം റോഡ് ടാറിംഗ് ബാരൽ വില – 2248/- ബിൽ ഡിറ്റെയിൽസ് - 2106016301580146 2128/25.03.22)

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത്(വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. പ്രവൃത്തികൾ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളതിനാൽ ടി തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്.

## 1-22 സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു

2021-22 വർഷം നടപ്പിലാക്കിയ വാർഡ് 5 എസ് ഡി വി യു പി സ്കൂൾ മുതൽ ചാൽ വരെ കാന നിർമ്മാണം എന്ന നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സംരക്ഷണ ഭിത്തി നിർമ്മാണത്തിനും കാണ നിർമ്മാണത്തിനും എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 798.27/$m^3$(സ്പെസിഫിക്കേഷൻ കോഡ്-11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്വേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 374.21/$m^3$ (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| അനുദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | കരാറുകാരൻ |
|---|---|---|---|
| 75.82$m^3$@797.47 = 60464.18 | 75.82$m^3$@374.21/$m^3$ = 28372.6/- | 32092 /- | ശ്രീ വർഗ്ഗീസ് കുര്യൻ |

മേൽപ്പറഞ്ഞ 32092/- രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.
പ്രൊജക്റ്റ് നം -S0075/22
ചെലവ് – 923970/11.03.22

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പത്ര പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. നഷ്ടം-1320/- രൂപ

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ.(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ മാതൃഭൂമി ദിന പത്രത്തിൽ ടെൻഡർ പരസ്യങ്ങൾ നല്കിയതിന് 15% ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദാംശം താഴെകൊടുക്കുന്നു.

| ക്രമനം | ചെക്ക് നം /തീയതി/തുക | പരസ്യ നം/തീയതി | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | JM 5706992/ 5.10.2021- 30993/- | 321000037771 /20.8.2021 | 32$m^2$@275=8800 നികുതി-440 ആകെ-9240/- | 8800*15% =1320/- |

ഡിസ്കൗണ്ട് ആവശ്യപ്പെടാതെ സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരമുള്ള തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/21.1.2023)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയിരിക്കുന്ന 1320/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

### 3-2 സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു

2021-22 വർഷം നടപ്പിലാക്കിയ വാർഡ് 5 എസ് ഡി വി യു പി സ്കൂൾ മുതൽ ചാൽ വരെ കാന നിർമ്മാണം എന്ന നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സംരക്ഷണ ഭിത്തി നിർമ്മാണത്തിനും കാണ നിർമ്മാണത്തിനും എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 798.27/$m^3$(സ്പെസിഫിക്കേഷൻ കോഡ്-11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 374.21/$m^3$ (MoRDസ്പെസിഫിക്കേഷൻ കോഡ്-3.5.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| അനുവദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | കരാറുകാരൻ |
|---|---|---|---|
| 75.82$m^3$@797.47 = 60464.18 | 75.82$m^3$ @374.21/$m^3$ = 28372.6/- | 32092 /- | ശ്രീ വർഗ്ഗീസ് കുര്യൻ |

മേൽപ്പറഞ്ഞ 32092/- രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.
പ്രോജക്ട് നം - S0075/22
ചെലവ് - 923970/11.03.22

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ്* |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2021-22 | 1050000 | ലൈഫ് | 1050000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അമ്പലപ്പുഴ ബ്ളോക്ക് പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകളിൽ 3 ആർ.ഒ പ്ളാന്റുകൾ സ്ഥാപിക്കൽ(പ്രോജക്ട് നമ്പർ 50/22) | 3870000 | 0 | 3870000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 79606401 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60375549 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 33412/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4520230 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1320 | മഞ്ജു.എം, സെക്രട്ടറി |
| 3-2 | | 32092 | നിധിൻ.കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ, |
| ആകെ | | 33412 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 60000 | മിനി.ആർ,പട്ടികജാതി വികസന ഓഫീസർ |
| 1-13 | 179618 | ഡോ.ജിൻസി,അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ |
| 1-17 | 40000 | ശ്രീ. വി.ജെ.ജോസഫ്, സെക്രട്ടറി. |
| 1-18 | 206000 | മഞ്ജു.എം, സെക്രട്ടറി |
| 1-19 | 164612 | മഞ്ജു.എം, സെക്രട്ടറി |
| 1-20 | 3870000 | മഞ്ജു.എം, സെക്രട്ടറി. |
| ആകെ | 4520230 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല. |
| | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ജെ.ജോസഫ്, സെക്രട്ടറി | ബി.ഡി.ഒ, അമ്പലപ്പുഴ | വെളിയിൽ, പുന്നപ്ര.പി. ഒ. |
| നിധിൻ.കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി സബ്ഡിവിഷൻ, അമ്പലപ്പുഴ ബ്ലോക്ക് | കോട്ടയ്ക്കകത്ത്, കൊച്ചിയലക്കൽ, മാവേലിക്കര-690101 |
| മഞ്ജു.എം,സെക്രട്ടറി | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കയർവർക്കേഴ്സ് വെൽഫയർ ബോർഡ്, ആലപ്പുഴ | സുധി നിവാസ് പുന്നപ്ര.പി.ഒ ആലപ്പുഴ |
| ഡോ.ജിൻസി,അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ. | അസിസ്റ്റന്റ് പ്രൊഫസർ, കമ്മ്യൂണിറ്റി മെഡിസിൻ,ഗവ.ടി.ഡി.കോളേജ്, ആലപ്പുഴ. | ബെതാനിയ ഹൗസ്, ഗാന്ധിപുരംഗ്രേയ്ക്ക് 43,ശ്രീകാര്യം പി.ഒ.17 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 & 1996-97 | എൽ.എഫ്.എ7/18/00/05.06.00/01.07.2000 |
| 1997-98 | എൽ.എഫ്.എ7/688/00/15.02.01/16.02.2001 |
| 1998-99 | എൽ.എഫ്.എ7/688/00/15.02.01/16.02.2001 |
| 1999-00 | എൽ.എഫ്. 5/ബി.പി.അദാലത്ത്/26/65/14/21.03.14 |
| 2000-01 | എൽ.എഫ്.എ7/130/06/15.06.06/13.09.2006 |
| 2001-02 | എൽ.എഫ്.എ7/131/06/06.06.06/18/07.06 |
| 2002-03 | എൽ.എഫ്.എ7/229/07/09.05.07/04.06.2007 |
| 2003-04 | എൽ.എഫ്.എ7/228/07/16.05.07/04.06.2007 |
| 2004-05 | എൽ.എഫ്.ജി.എ5/ബി.പി. അദാലത്ത് /26(66)/14 /22.03.14 |
| 2005-06 | എൽ.എഫ്.ജി.എ5/ബി.പി. അദാലത്ത്/26 (67)/14/ 22.03.2014 |
| 2006-07 | എൽ .എഫ്. ജി.എ5/ ബി.പി. അദാലത്ത് /26(68)/14/ 22.03.2014 |
| 2007-08 | എൽ. എഫ്.ജി .എ5/ ബി.പി. അദാലത്ത്/ 26(69) /14/ 22.03.2014 |
| 2008-09 | എൽ.എഫ്.എ.ബി.പി.1291/10/31.03.11/30.04.2011 |
| 2009-10 | എൽ.എഫ്.എ.ബി.പി.1292/10/31.03.11/ 30.04.11 |
| 2010-11 | എൽ.എഫ്.എ.ബി.പി.962/13/04.01.2014 |
| 2011-12 | എൽ.എഫ്.എ.ബി.പി.962/13/04.01.2014 |
| 2012-13 & 2013-14 | എൽ.എഫ്.എ.ബി.പി.1478/14/05.12.2014 |
| 2014-15 & 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി- 272/17/ 15.03.2017/28.03.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി- 1446/17/11.12.2017 |

| | |
|---|---|
| | /14.12.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ബി.പി- 235/19/25.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/ബി.പി-306/20/11.05.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/ബി.പി-591/22/14.07.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/ബി.പി-592/22/15.07.2022 |

.
.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്